## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 531 08.08.2017-ലെ മറുപടിക്ക്**

## നിക്ഷേപ സൗഹൃദ സംസ്ഥാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാജേഷ്<br>" കെ.വി.അബ്ദുൾ ഖാദർ<br>" എ. എൻ. ഷംസീർ<br>" കെ.ഡി. പ്രസേനൻ | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനം ആക്കി തീർക്കുന്നതിന് പുതുതായി പ്രഖ്യാപിച്ച കരട് വ്യവസായ വാണിജ്യ നയം ഏതു തരത്തിൽ ലക്ഷ്യമിടുന്നെന്ന് വ്യക്തമാക്കാമോ; | എ & ബി | കയറ്റുമതി പ്രോൽസാഹനം, വെണ്ടർ രജിസ്ട്രേഷൻ പദ്ധതികൾ, ഭാരത സർക്കാരിന്റെ വിവിധ പദ്ധതികളുമായുള്ള ഇന്റഗ്രേഷൻ, വ്യവസായ ക്ലസ്റ്ററുകളുടെ രൂപീകരണം, പരമ്പരാഗത വ്യവസായ വളർച്ചയിലുള്ള ഊന്നൽ, സ്റ്റാർട്ട് അപ്പുകൾ, വനിതാ സംരംഭങ്ങൾ, എൻ.ആർ.ഐ സംരംഭകർ എന്നീ മേഖലകൾക്കുള്ള പ്രത്യേക പരിഗണന, വാണിജ്യ മിഷന്റെ രൂപീകരണം, ഏകജാലക സംവിധാനത്തെ ശക്തിപ്പെടുത്തൽ തുടങ്ങി കരട് വ്യവസായ നയത്തിൽ ഊന്നൽ നൽകുന്ന പദ്ധതികളെല്ലാംതന്നെ കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കിത്തീർക്കുന്നതിന് ഉതകുന്നതാണ്. നിലവിലുള്ള വ്യവസായ നിക്ഷേപകരിൽ നിന്ന് ബെസ്റ്റ് അംബാസ്സഡർമാരെ അംഗീകരിക്കുക വഴി മറ്റുള്ളവരുടെ സേവനങ്ങൾക്ക് സർക്കാർ മുൻതൂക്കം നൽകും. നിക്ഷേപകരുടെ സംരക്ഷണത്തിനായി സെക്രട്ടറിമാർ അടങ്ങിയ ഒരു കമ്മിറ്റി ചീഫ് സെക്രട്ടറിയുടെ കീഴിൽ രൂപീകരിക്കുന്നതാണ്. പ്രസ്തുത കമ്മിറ്റി നിക്ഷേപകരുടെ പരാതി നിശ്ചിത സമയത്തിനുള്ളിൽ പരിഗണിക്കുന്നതാണ്.<br>കേരളത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുക എന്ന നയം സ്വകാര്യ മേഖലയുടെ കുത്തക നിയന്ത്രിക്കാൻ കഴിയുന്നു. പൊതു മേഖലയെ കേവലം ലാഭമുണ്ടാക്കുന്ന സംരംഭങ്ങൾ മാത്രമായി ചുരുങ്ങാതെ സ്വകാര്യ മേഖലയിലെ ഉയർന്ന സാങ്കേതിക വിദ്യയുള്ള വ്യവസായങ്ങളെ സഹായിക്കുന്നതരത്തിലുള്ള ചുമതലകൾ ഏറ്റെടുക്കാൻ കഴിയുന്ന രീതിയിൽ പൊതുമേഖലാ |
| ബി | പൊതു മേഖലയിലും സ്വകാര്യ മേഖലയിലും വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നയത്തിൽ എന്തൊക്കെ കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്; | | |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളെ മാറ്റിയെടുക്കാവുന്നതാണ്. അതു വഴി സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുമായി പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ബന്ധത്തിന്റെ തീവ്രത വർദ്ധിപ്പിക്കാൻ കരട് വ്യവസായ നയം ലക്ഷ്യമിടുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പൊതുവായ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിലേയ്ക്കായി പ്രൊഫഷണൽ മാനേജർമാരെ നിയമിക്കുകയും ഒരു സ്ഥിരമായ സെലക്ഷൻ ബോർഡ് രൂപീകരിച്ച് സുതാര്യമായ രീതിയിൽ ഉയർന്ന മാനേജ്മെന്റ് തസ്തികകളിലേക്കുള്ളവരെ തിരഞ്ഞെടുക്കുകയും ചെയ്യും. ഒരേതരത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംയോജിപ്പിച്ച് പ്രവർത്തനം മെച്ചപ്പെടുത്തും. ഓപ്പൺ ആക്സസ് മുഖാന്തിരം വൈദ്യുതി നൽകുന്നതിനുള്ള നടപടി കൈക്കൊള്ളും. വിപണി കേരളത്തിന് പുറത്തേക്കും വ്യാപിപ്പിക്കും. അസംസ്കൃത വസ്തുക്കളുടെ വാങ്ങലിനും, വിൽപ്പനയ്ക്കും പൊതുമാനദണ്ഡങ്ങൾ ഏർപ്പെടുത്തും. |
| സി | നവ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ട അനുമതി ലഭ്യമാക്കുന്നതിനും അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനും വ്യവസായ സംരംഭങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും എന്തൊക്കെ മാർഗ്ഗങ്ങളാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | സി | നവ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ട അനുമതി ലഭ്യമാക്കുന്നതിനും അനാവശ്യ കാലതാമസ്സം ഒഴിവാക്കുന്നതിനും വ്യവസായ സംരംഭങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങളാണ് കരട് വ്യവസായ നയത്തിൽ ഉദ്ദേശിക്കുന്നത്.<br>1. വൈറ്റും, ഗ്രീനും വിഭാഗങ്ങൾ തരംതിരിക്കുന്നതിന് സ്വയം സാക്ഷ്യപ്പെടുത്തുന്ന വ്യവസ്ഥ ഏർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കും.<br>2. തേഡ് പാർട്ടി സർട്ടിഫിക്കേഷൻ സംസ്ഥാനത്തിൽ ഒരു സംരംഭം തുടങ്ങുന്നതിന് പരിഗണിക്കും.<br>3. ക്ലിയറൻസിന് ഏറ്റവും കൂടുതൽ 30 ദിവസം എന്ന ആശയം നടപ്പാക്കുന്നത് പരിഗണിക്കും.<br>4. നിക്ഷേപകരുടെ അപേക്ഷയിൻമേൽ നടത്തേണ്ട നടപടി ക്രമങ്ങൾ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തും.<br>5. ആരംഭത്തിൽ അനുവദിക്കുന്ന ലൈസൻസ് കാലാവധി എല്ലാ വകുപ്പുകൾക്കും 5 വർഷം എന്ന് നിജപ്പെടുത്തുന്നതിലേക്കായി നടപടി കൈക്കൊള്ളും.<br>6. ഓരോ വകുപ്പുകളിൽ നിന്നും ലഭ്യമാകുന്ന ലൈസൻസുകൾ 'റൈറ്റ് ടു സർവ്വീസസ് ആക്ടി'-നു വിധേയമായിരിക്കണം.<br>7. സർട്ടിഫിക്കറ്റ് വാലിഡേഷൻ, അപ്രൂവൽ തുടങ്ങിയ എല്ലാ വിവരങ്ങളും വെബ്പോർട്ടലിൽ നൽകും.<br>8. കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് |

| | | | |
|---|---|---|---|
| | | | ആക്ട് 1999 വിപുലീകരിച്ച് ഓൺലൈൻ ക്ലിയറൻസ് മെക്കാനിസം തുടങ്ങും.<br>9. ഏകജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് വിവിധ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപെടുത്തികൊണ്ട് കെ.എസ്.ഐ.ഡി.സി -യെ നോഡൽ ഏജൻസിയായി നിയോഗിക്കും. കൂടാതെ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് എന്നിവ രൂപീകരിക്കുന്നതിനും വിഭാവന ചെയ്തിട്ടുണ്ട്.<br>10. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി വിവിധ വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥൻമാർ ഉൾപ്പെട്ട ഒരു ജില്ലാ സമിതി രൂപീകരിക്കും.<br>11. ക്ലിയറൻസിനായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും ഒരു പൊതു വെബ് പോർട്ടൽ തുടങ്ങി ബന്ധപ്പെട്ട മറ്റു വകുപ്പുകളുമായി ബന്ധപ്പെടുത്തും.<br>12. പൊതു വെബ് പോർട്ടലിൽ എല്ലാ അപേക്ഷകളും ഒരു സിങ്കിൾ പോയിന്റ് വഴി സ്വീകരിക്കും.<br>13. സർക്കാർ ട്രഷറി, ദേശസാൽകൃത ബാങ്ക് എന്നിവിടങ്ങളിലെ പ്രവർത്തനം പോലെ വെബ് പോർട്ടൽ വഴി 'ഓൺലൈൻ പേമെന്റ് സിസ്റ്റം' ആരംഭിക്കുന്നതിന് നടപടിയെടുക്കും.<br>14. വ്യാവസായിക ആവശ്യത്തിന് സംസ്ഥാനത്തിന് ലഭ്യമായ സ്ഥല വിവരങ്ങൾ വെബ് പോർട്ടലിൽ ലഭ്യമാക്കുന്ന നടപടി ആരംഭിക്കും.<br>15. വിവിധ വകുപ്പുകളിൽ അപേക്ഷ സമർപ്പിക്കുന്നതിനായി പൊതുവായ സി.എ.എഫ് (കോംപസിറ്റ് ആപ്ലിക്കേഷൻ ഫോം-CAF) നടപ്പാക്കും. |

സെക്ഷൻ ഓഫീസർ